REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 23-01-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- കേരളത്തിന്റെ വികസനത്തിന് കേന്ദ്ര ഗവൺമെന്റ് നടത്തിവരുന്ന പരിശ്രമങ്ങൾക്ക് പുതിയ ദിശാബോധം കൈവന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
- മൂന്ന് അമൃത് ഭാരത് എക്സ്പ്രസുകളും തൃശൂർ-ഗുരുവായൂർ പാസഞ്ചർ ട്രെയിനും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. PM സ്വനിധി ക്രെഡിറ്റ് കാർഡുകളും നരേന്ദ്രമോദി പുറത്തിറക്കി.
- നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 129-ാം ജന്മവാർഷികദിനത്തിൽ രാജ്യം ഇന്ന് പരാക്രം ദിനം ആചരിക്കുന്നു.
- സ്വർണവില വീണ്ടും കൂടി. പവന് 3,960 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 17,120 രൂപയായി.
- ഇന്ത്യ-ന്യൂസിലാന്റ് ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം വൈകിട്ട് റായ്പൂരിൽ.

## വാർത്തകൾ വിശദമായി

കേരളത്തിന്റെ വികസനത്തിന് കേന്ദ്ര ഗവൺമെന്റ് നടത്തിവരുന്ന പരിശ്രമങ്ങൾക്ക് ഇന്ന് പുതിയ ദിശാബോധം കൈവന്നിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. രാജ്യത്തെ വലിയ സ്റ്റാർട്ടപ്പ് കേന്ദ്രമായി തിരുവനന്തപുരത്തെ മാറ്റുന്നതിന്റെ ആദ്യചുവടുവെപ്പും ആരംഭിച്ചുകഴിഞ്ഞുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**----(HOLD)...PM**

റെയിൽവെ യാത്രാസൗകര്യം കേരളത്തിൽ ഇന്നുമുതൽ കൂടുതൽ ശക്തമാകുകയാണ്. മൂന്ന് അമൃത് ഭാരത് ട്രെയിനുകൾ ഉൾപ്പടെ നാല് ട്രെയിനുകൾ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. നാഗർകോവിൽ-മംഗലാപുരം, തിരുവനന്തപുരം-താംബരം, തിരുവനന്തപുരം-ചർലപ്പള്ളി എന്നീ അമൃത് ഭാരത് എക്സ്പ്രസുകളും തൃശൂർ-ഗുരുവായൂർ പാസഞ്ചർ ട്രെയിനുമാണ് ഇന്ന് ഓടിത്തുടങ്ങുന്നത് .

വികിസിത ഭാരത നിർമ്മാണത്തിന് രാജ്യം ഒറ്റക്കെട്ടായി പ്രവർത്തിക്കുകയാണെന്ന് പറഞ്ഞ പ്രധാനമന്ത്രി ഇതിൽ നഗരങ്ങൾക്ക് വലിയ പങ്കുണ്ടെന്നും വിലയിരുത്തി. നഗരത്തിലെ പാവപ്പെട്ട കുടുംബങ്ങൾക്കായി ഗവൺമെന്റ് പ്രധാൻമന്ത്രി ആവാസ് യോജന ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പാക്കിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

തെരുവു കച്ചവടക്കാരുടെ ഉന്നമനത്തിന് PM സ്വനിധി ക്രെഡിറ്റ് കാർഡുകളും പ്രധാനമന്ത്രി പുറത്തിറക്കി. തിരുവനന്തപുരം CSIR-NIIST സംരംഭകർക്കായി സാങ്കേതികവിദ്യാ ഹബ്ബ്, ശ്രീ ചിത്തിര ഇൻസ്റ്റിറ്റ്യൂട്ടിലെ റേഡിയോ സർജറി സെന്റർ എന്നിവയ്ക്ക് തറക്കല്ലിടുന്ന പ്രധാനമന്ത്രി പൂജപ്പുരയിലെ പുതിയ ഹെഡ് പോസ്റ്റ് ഓഫിസ് ഉദ്ഘാടനവും നിർവ്വഹിക്കും.

✪✪✪

സംസ്ഥാനം ആവശ്യപ്പെട്ട പദ്ധതികൾക്ക് അനുവാദം നൽകിയതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നന്ദിയറിയിച്ചു. വരും കാലങ്ങളിൽ കേരളത്തിന്റെ കൂടുതൽ ആവശ്യങ്ങൾ പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി തിരുവനന്തപുരത്ത് പ്രധാനമന്ത്രി പങ്കെടുത്ത ട്രെയിൻ ഫ്ലാഗ് ഓഫ് പരിപാടിയിൽ പറഞ്ഞു.

✪✪✪

തിരുവനന്തപുരത്തെ രാജ്യത്തിനു തന്നെ മാതൃകയായ നഗരമാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പുത്തരിക്കണ്ടം മൈതാനത്ത് BJP സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ ഭാവിയും തലവരയും മാറ്റാൻ പോകുന്ന തിരഞ്ഞെടുപ്പായിരിക്കും ഇത്തവണത്തേതെന്ന് പ്രധാനമന്ത്രി പറഞ്ഞു. LDF ന്റെയും UDF ന്റെയും അഴിമതി ഭരണം സംസ്ഥാനത്ത് അവസാനിക്കും. ഇരുമുന്നണികൾക്കും ബദലായി BJP യുടെ സദ്ഭരണ മുന്നണി രംഗത്തു വരുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

നേരത്തെ തിരുവനന്തപുരത്ത് എത്തിയ പ്രധാനമന്ത്രിയെ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറും മുഖ്യമന്ത്രി പിണറായി വിജയനും ചേർന്ന് വിമാനത്താവളത്തിൽ സ്വീകരിച്ചു. ഓവർബ്രിഡ്ജ് മുതൽ പുത്തരിക്കണ്ടം

മൈതാനം വരെ റോഡ് ഷോയോടു കൂടിയാണ് പ്രധാനമന്ത്രിയെ BJP പ്രവർത്തകർ എതിരേറ്റത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തമിഴ്നാട്ടിൽ ഏതാനും പരിപാടികളിലും പങ്കെടുക്കും. ചെന്നൈയ്ക്കടുത്ത് മധുരാന്തകത്ത് NDA സഖ്യകക്ഷി നേതാക്കൾക്കൊപ്പം പൊതുയോഗത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

✪✪✪

തൃശ്ശൂർ-ഗുരുവായൂർ പാസഞ്ചർ ട്രെയിൻ ടൂറിസത്തിനും, ഗുരുവായൂർ തീർത്ഥാടനത്തിനും വൻ കുതിപ്പ് നൽകുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി അഭിപ്രായപ്പെട്ടു. തൃശൂർ റെയിൽവേ സ്റ്റേഷനിൽ ഗുരുവായൂർ പാസഞ്ചർ ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം. അമൃത് പദ്ധതിയുടെ ഭാഗമായി ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ നവീകരിക്കാൻ പദ്ധതി തയ്യാറാണെന്നും സുരേഷ് ഗോപി മാധ്യമങ്ങളോട് പറഞ്ഞു. പാസഞ്ചറിന്റെ ആദ്യ യാത്രയിൽ പങ്കാളികളായ സ്കൂൾ വിദ്യാർത്ഥികൾക്ക് സുരേഷ്ഗോപി മധുരം നൽകി.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയായി പങ്കെടുക്കും.

തുടർവികസന പ്രവർത്തനങ്ങളുടെ ഒരുക്കങ്ങൾ വിലയിരുത്താൻ മന്ത്രി VN വാസവൻ ഇന്നലെ തുറമുഖം സന്ദർശിച്ചു.

✪✪✪

കേരള പൊലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തീകരിച്ച പൊലീസ് ഓഫീസുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. ഏതാനും പുതിയ കെട്ടിടങ്ങൾക്ക് അദ്ദേഹം തറക്കല്ലുമിടും.

കേരള റെയിൽവേ പോലീസിന്റെ "റെയിൽ മൈത്രി" എന്ന പുതിയ മൊബൈൽ ആപ്ലിക്കേഷൻ, പ്രകാശനം ചെയ്യുന്ന മുഖ്യമന്ത്രി തിരുവനന്തപരം കെമിക്കൽ എക്സാമിനേഷൻ ലാബിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കിനും തറക്കല്ലിടും.

✪✪✪

കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് കൊച്ചിയിൽ എത്തും. ഉൾനാടൻ ജലപാത വികസന കൗൺസിലിന്റെ മൂന്നാം യോഗത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും.

✪✪✪

ധീര സ്വാതന്ത്ര്യസമര സേനാനി സുരേന്ദ്ര സായിയുടെ ജന്മദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു സ്മരണാഞ്ജലി അർപ്പിച്ചു. സുരേന്ദ്ര സായിയുടെ ത്യാഗവും രക്തസാക്ഷിത്വവും രാജ്യം എന്നും ഓർക്കുമെന്ന് രാഷ്ട്രപതി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 129-ാം ജന്മവാർഷികദിനത്തിൽ രാജ്യം ഇന്ന് പരാക്രം ദിനം ആചരിക്കുന്നു.

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ദേശീയബോധവും ഐക്യവും ധീരതയും ജനങ്ങളിലെത്തിക്കാൻ നേതാജി സുഭാഷ് ചന്ദ്രബോസിന് സാധിച്ചുവെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹമാധ്യമത്തിൽ കുറിച്ചു.

സാംസ്കാരിക മന്ത്രാലയം സംഘടിപ്പിക്കുന്ന പരാക്രം ദിനാചരണം ആൻഡമാനിൽ ഇന്ന് തുടങ്ങും. രാജ്യമെമ്പാടും13 ഇടങ്ങളിലായി പരിപാടികൾ സംഘടിപ്പിക്കും. ഈ മാസം 25 വരെ ആഘോഷങ്ങൾ തുടരും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് ഞായറാഴ്ച പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ ടോൾ ഫ്രീ നമ്പറിലോ ഇന്നുകൂടി അറിയിക്കാം.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയെ കുറിച്ച് പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം.

✪✪✪

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ സ്പെഷ്യൽ റോൾ ഒബ്സർവർ ഐശ്വര്യ സിങ് മലപ്പുറം ജില്ലയിൽ സന്ദർശനം നടത്തി. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ V.R വിനോദുമായി അവർ ചർച്ച നടത്തി.

തീവ്ര വോട്ടർ പട്ടിക സംബന്ധിച്ച അവലോകനത്തിന്റെ ഭാഗമായി വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായും അവർ ചർച്ച നടത്തി. സമയബന്ധിതമായും കുറ്റമറ്റ രീതിയിലുമാണ് ജില്ലയിൽ SIR പൂർത്തീകരണം നടത്തിയതെന്ന് ഐശ്വര്യസിങ് പറഞ്ഞു. രാഷ്ട്രീയ പാർട്ടികളുടെ സഹകരണം മാതൃകാപരമായിരുന്നുവെന്നും അവർ കൂട്ടിച്ചേർത്തു.

✪✪✪

സ്വർണവിലയിൽ വീണ്ടും വർദ്ധന. പവന് 3,960 രൂപ കൂടി ഒരു ലക്ഷത്തി 17,120 രൂപയായി. 14,640 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

ഇന്ത്യ-ന്യൂസിലാന്റ് ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം വൈകിട്ട് റായ്പൂരിൽ ആരംഭിക്കും. ബുധനാഴ്ച ആദ്യ മത്സരത്തിൽ ഇന്ത്യ 48 റൺസിന് വിജയിച്ചിരുന്നു.

✪✪✪

ജക്കാർത്തയിൽ ഇന്തോനേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റ് ക്വാർട്ടർ ഫൈനലിൽ ഇന്ന് ഇന്ത്യൻ താരങ്ങൾ മത്സരിക്കും. ലക്ഷ്യ സെൻ തായ്‌ലന്റ് താരത്തെയും PV സിന്ധു ചൈനയെയുമാണ് നേരിടുന്നത്.

✪✪✪

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീ സംസ്ഥാന മിഷൻ സംഘടിപ്പിക്കുന്ന ബഡ്സ് ഒളിമ്പ്യ സംസ്ഥാന കായികോൽസവം കണ്ണൂരിൽ ആരംഭിച്ചു. പോലീസ് പരേഡ് ഗ്രൗണ്ടിലെ സിന്തറ്റിക് മൈതാനിയിൽ നടത്തുന്ന കായികോത്സവത്തിൽ വ്യത്യസ്ത ഇനങ്ങളിലായി 380 കായിക താരങ്ങൾ മത്സരിക്കുന്നുണ്ട്.

ഉച്ചയ്ക്ക് ശേഷം V ശിവദാസൻ MP ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരത്തിലെ സ്കൂൾ-കോളജ് വിദ്യാർത്ഥികളുടെ ജില്ലാതല മത്സരങ്ങൾ അടുത്ത മാസം അഞ്ചിന് സംഘടിപ്പിക്കും. ഫെബ്രുവരി മൂന്നാം വാരത്തിലായിരിക്കും ഗ്രാന്റ് ഫിനാലെ.

✪✪✪

തിരുമൂർത്തി മലയിൽ നിന്ന് രഥയാത്രയിലെത്തിച്ച ശ്രീചക്രം തിരുനാവായ മഹാമാഘമഹോത്സവ സഭാപതി ആനന്ദവനം ഭാരതിയുടെ നേതൃത്വത്തിൽ പുഴക്ക് നടുവിലെ യജ്ഞശാലയിൽ സ്ഥാപിച്ചു. താൽകാലിക പാലം

**സുരക്ഷിതമാക്കിയതോടെ നിരവധി തീർത്ഥാടകർ യജ്ഞവേദിയിലേക്ക് എത്തിതുടങ്ങി.**

**✪✪✪**

**വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണക്കായി ബേപ്പൂരിൽ നിർമിച്ച സ്മാരകം 'ആകാശമിഠായി' നാളെ മന്ത്രി P.A മുഹമ്മദ് റിയാസ് നാടിന് സമർപ്പിക്കും. കോഴിക്കോട് കോർപ്പറേഷൻ നൽകിയ സ്ഥലത്ത് വിനോദസഞ്ചാര വകുപ്പ് 10 കോടി ഏഴ് ലക്ഷം രൂപ ചെലവിലാണ് സ്മാരകം നിർമ്മിക്കുന്നത്.**

**✪✪✪**

**റോഡ് സുരക്ഷാ ബോധവൽക്കരണത്തിന് സെമിനാറുകൾ മാത്രം പോരെന്നും, ഉദ്യോഗസ്ഥർക്കും ഡ്രൈവർമാർക്കും പ്രായോഗിക പരിശീലനം നൽകുന്നതാണ് പ്രധാനമെന്നും മന്ത്രി K.B ഗണേഷ് കുമാർ പറഞ്ഞു. സംസ്ഥാന മോട്ടോർ വാഹനവകുപ്പിന്റെ ദേശീയ റോഡ് സുരക്ഷാ മാസാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.**

**✪✪✪**

**ശബരിമലയിൽ നിന്ന് തിരുവാഭരണ പേടകങ്ങളുമായി ഘോഷയാത്രാസംഘം പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തിൽ തിരിച്ചെത്തി. പെരിയസ്വാമി മരുതുവന ശിവൻകുട്ടിയുടെ നേതൃത്വത്തിൽ 30 അംഗ സംഘമാണ് തിരുവാഭരണ പേടകങ്ങളുമായി രാവിലെ പന്തളത്ത് മടങ്ങിയെത്തിയത്. തിരുവാഭരണ പെട്ടികൾ ദേവസ്വം ബോർഡ് അധികൃതരിൽ നിന്ന് കൊട്ടാരം നിർവാഹകസംഘം ഭാരവാഹികൾ ഏറ്റുവാങ്ങി സ്രാമ്പിക്കൽ കൊട്ടാരത്തിലെ സുരക്ഷിത മുറിയിലേക്ക് മാറ്റി.**

**✪✪✪**

---

*News Editor : അനഘ*
*News Reader: നിമിഷ ജി*
*NRTs: അനിൽ ചന്ദ്രൻ, രജിന കെ*
*DEO : ഷീബ*